# പ്രകൃതിമതം

പ്രപഞ്ചത്തിന്റെ, പ്രകൃതിയുടെ മതമാണ് ഇസ്‌ലാം. പ്രപഞ്ചം ഉണ്ടായതോടുകൂടിതന്നെ ഇസ്‌ലാമും ഉണ്ടായിട്ടുണ്ട്. ഭൂമിയും ഭൗമിക പദാർഥങ്ങളും ആകാശഗോളങ്ങളും സൗരയൂഥങ്ങളും ക്ഷീരപഥങ്ങളുമെല്ലാം കണിശമായ ചില നിയമങ്ങളും വ്യവസ്ഥകളും അനുസരിച്ചാണ് ചരിച്ചുകൊണ്ടിരിക്കുന്നത്. രാപകലുകളുടെ കറക്കത്തിലും ഋതുഭേദങ്ങളിലും വായു, വെള്ളം തുടങ്ങിയ പ്രതിഭാസങ്ങളിലും ജീവജാലങ്ങളുടെയും സസ്യലതാദികളുടെയും അസ്തിത്വത്തിലും പ്രത്യുൽപാദനം വഴിയുള്ള വംശ നൈരന്തര്യത്തിലുമെല്ലാം അലംഘനീയമായ ചില നിയമങ്ങൾ പ്രവർത്തിക്കുന്നത് കാണാം. ഈ നിയമങ്ങളും വ്യവസ്ഥകളും അവയുടെ സ്രഷ്ടാവായ ദൈവം തന്നെ ഏർപ്പെടുത്തിയതാണ്. വിശേഷ ബുദ്ധിയില്ലാത്ത ജീവജാലങ്ങൾ മുതൽ അചേതന പദാർഥങ്ങൾ വരെ ദൈവത്തിന്റെ ഈ നിയമങ്ങളെ അബോധ പൂർവം അനുസരിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവയുടെ ഈ അനുസരണത്തെയാണ് മനുഷ്യർ പ്രകൃതി നിയമമെന്ന് വിളിക്കുന്നത്. ഖുർആൻ പറയുന്നു: "അല്ലാഹുവിന്റെ ദീൻ (ധർമവ്യവസ്ഥ) അല്ലാത്തതിനെയാണോ നിങ്ങൾ അന്വേഷിക്കുന്നത്; ആകാശ ഭൂമികളിലുള്ളതൊക്കെയും അവന്നു ഇസ്‌ലാം (അവന്റെ ധർമവ്യവസ്ഥ അനുസരിക്കുന്നവർ) ആയിരിക്കെ?" (3: 83). "ആകാശഭൂമികളിലുള്ളതൊക്കെയും അവന്റെ(അല്ലാഹുവിന്റെ)താകുന്നു. എല്ലാം വിനീതമായി അവനെ അനുസരിച്ചുകൊണ്ടിരിക്കുന്നു" (2:116). "ആകാശഭൂമികളിലുള്ളവരൊക്കെയും അവന്നുള്ളവരാകുന്നു. എല്ലാവരും അവനെ വിനീതരായി വണങ്ങിക്കൊണ്ടിരിക്കുന്നു"(30: 26). ഇസ്‌ലാമിന്റെ വീക്ഷണത്തിൽ പ്രകൃതിയുടെ എല്ലാ സ്വഭാവ വിശേഷങ്ങളും, അവയെ സൃഷ്ടിച്ച ദൈവം തന്റെ അപാരമായ യുക്തിയുടെയും ജ്ഞാനത്തിന്റെയും അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്ത് ഏർപ്പെടുത്തിയിട്ടുള്ള അലംഘനീയമായ നിയമങ്ങളാകുന്നു. ആ നിയമങ്ങളോടുള്ള കണിശമായ വിധേയത്വമാണ് അവയുടെ ധർമം. അതിനെയാണ് ഇസ്‌ലാം (അനുസരണം) എന്നു വിളിക്കുന്നത്. പ്രാപഞ്ചിക പദാർഥങ്ങൾക്ക് ഇസ്‌ലാമിനെ-ദൈവം നിശ്ചയിച്ച നടപടിക്രമങ്ങളെ- ലംഘിക്കാൻ കഴിയുമായിരുന്നുവെങ്കിൽ സൃഷ്ടിപ്രപഞ്ചം എന്നോ തകർന്നുപോകുമായിരുന്നു. പക്ഷേ, സ്വന്തം ധർമത്തിൽനിന്നു വ്യതിചലിക്കാനുള്ള ഇഛാശക്തിയോ സ്വാതന്ത്ര്യമോ ദൈവം പൊതുവിൽ സൃഷ്ടികൾക്കു നല്കിയിട്ടില്ല. മനുഷ്യൻ, ജിന്ന് എന്നിങ്ങനെ ചുരുക്കം ചില സൃഷ്ടികളേ അതിൽനിന്നൊഴിവുള്ളൂ. അവയ്ക്കു തന്നെയും പരിമിതമായ സ്വാതന്ത്ര്യമേയുള്ളൂതാനും. ഉദാഹരണമായി, സ്വന്തം ജനനത്തിൽ മനുഷ്യന്റെ ഇഛക്കോ സ്വാതന്ത്ര്യത്തിനോ സ്ഥാനമില്ല. മരിക്കാൻ സ്വാതന്ത്ര്യമുണ്ട്. എന്നാൽ മരിക്കാതിരിക്കാൻ സ്വാതന്ത്ര്യമില്ല. മരിക്കാനുള്ള സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തണമെങ്കിൽ തന്നെ അവൻ പ്രകൃതിനിയമത്തിനു വിധേയനാവേണ്ടതുണ്ട്.

എങ്കിലും മറ്റൊരു മേഖലയിൽ മനുഷ്യന്ന് ഇഛാശക്തിയും സ്വാതന്ത്ര്യവും നല്കപ്പെട്ടിരിക്കുന്നു. ഈ ഗുണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനുള്ള ബുദ്ധി, വിവേകം, ചിന്ത, സർഗശക്തി, ശാരീരിക സവിശേഷതകൾ തുടങ്ങിയ ആന്തരികവും ബാഹ്യവുമായ നിരവധി യോഗ്യതകളും അവന്നു നല്കപ്പെട്ടിട്ടുണ്ട്. ഒരുവശത്ത് അല്ലാഹുവിന്റെ നിയമങ്ങൾക്ക് അനിഛാപൂർവം വിധേയൻ (മുസ്‌ലിം) ആയിരിക്കെത്തന്നെ മറുവശത്ത് സ്വന്തം വിവേചന ശക്തിയുടെയും കഴിവിന്റെയും പരിധിക്കുള്ളിൽ മുസ്‌ലിം (ദൈവിക നിയമങ്ങൾക്കു വിധേയൻ) ആകാതെയിരിക്കാനും മനുഷ്യന്നു കഴിയുന്നു. സ്വയം തെരഞ്ഞെടുക്കാനുള്ള ഈ സ്വാതന്ത്ര്യത്തെ ദൈവത്തിന്റെ നിയമങ്ങൾ തെരഞ്ഞെടുക്കുന്നതിനായി ഉപയോഗിക്കുമ്പോഴാണ് മനുഷ്യൻ ബോധപൂർവം മുസ്‌ലിം ആകുന്നത്. മറ്റു വിധത്തിൽ പറഞ്ഞാൽ സ്വന്തം സ്വാതന്ത്ര്യത്തെ ദൈവത്തിനു സമർപ്പിച്ച് അവന്റെ അടിമയായി വർത്തിക്കലാണ് ഇസ്‌ലാം.

ബോധപൂർവം മുസ്‌ലിമായി വർത്തിക്കുന്നതിന്, തനിക്ക് സ്വാതന്ത്ര്യമുള്ള മണ്ഡലങ്ങളിൽ ദൈവത്തിന്റെ ഇഛകളും വ്യവസ്ഥകളും എന്തൊക്കെയാണെന്ന് മനുഷ്യൻ അറിയേണ്ടതുണ്ട്. ദൈവേഛ കണ്ടെത്തുവാൻ പഞ്ചേന്ദ്രിയങ്ങളും ബുദ്ധിയും മാത്രം പോരാ. കാരണം, അതിഭൗതിക ലോകവുമായി ബന്ധപ്പെട്ട കാര്യമാണത്. അഭൗമികമായ ഒരു ജ്ഞാന മാധ്യമത്തിന്റെ സഹായത്തോടു കൂടിയേ അത് മനസ്സിലാക്കാനാവൂ.

ഇതിന്നുള്ള സംവിധാനം ദൈവം തന്നെ ചെയ്തുവച്ചിട്ടുണ്ട്. അതാണ് മലകുകളും വേദങ്ങളും പ്രവാചകന്മാരും. മനുഷ്യരിൽനിന്നുള്ള ചിലരെ അല്ലാഹു പ്രവാചകന്മാരായി തെരഞ്ഞെടുക്കുന്നു. മലകുകൾ മുഖേന തന്റെ ഇംഗിതങ്ങൾ അവരെ അറിയിക്കുന്നു. ചിലപ്പോൾ തന്റെ ഇംഗിതങ്ങൾ രേഖപ്പെടുത്തിയ വേദങ്ങൾ പ്രവാചകൻമാർക്കു നല്കുന്നു. ഇങ്ങനെ പ്രവാചകന്മാരിലൂടെ ദൈവത്തിന്റെ ഇഛകളും വ്യവസ്ഥകളും മനസ്സിലാക്കുവാൻ മനുഷ്യർക്ക് സാധിക്കുന്നു.

മനുഷ്യവംശത്തിന്റെ ആദിപിതാവായ ആദം പ്രവാചകനായിരുന്നു. അദ്ദേഹത്തിന് നല്കപ്പെട്ട സന്മാർഗ പ്രകാശമാണ് ലക്ഷക്കണക്കിൽ പ്രവാചകന്മാരിലൂടെ പകർന്നു പകർന്ന് ഒടുവിൽ മുഹമ്മദ്നബിയിലൂടെ ലോകം മുഴുവൻ പരന്നത്.

ആദമിനെ ഭൂമിയിലേക്കയക്കുമ്പോൾ അല്ലാഹു അദ്ദേഹത്തെ ഇപ്രകാരം ഉണർത്തിയതായി ഖുർആൻ പറയുന്നുണ്ട്: "ചെകുത്താൻ നിങ്ങളുടെ ബദ്ധ വൈരിയാകുന്നു. അവൻ നിന്നെ വ്യാമോഹിപ്പിച്ചു വഴിതെറ്റിച്ചു സ്വർഗ ഭ്രഷ്ടനാക്കിയതുപോലെ നിന്റെ സന്തതികളെയും വഴിതെറ്റിക്കാൻ കിണഞ്ഞു ശ്രമിച്ചുകൊണ്ടിരിക്കും. തദ്ഫലമായി എന്നെയും എന്റെ വിധിവിലക്കുകളെയും അവർ വിസ്മരിക്കാനിടയാകും. അത് അവർക്ക് ഈ സ്വർഗം എന്നെന്നേക്കുമായി നഷ്ടപ്പെടുത്തുകയും അവരെ ശാശ്വത നരകാവകാശികളാക്കുകയും ചെയ്യും. പക്ഷേ, അവർ എന്നെ വിസ്മരിച്ചു ദുർമാർഗത്തിൽ ചരിക്കുമ്പോഴൊക്കെ അവരെ ഉണർത്താൻ ഞാൻ സന്മാർഗദർശകരെ നിയോഗിച്ചുകൊണ്ടിരിക്കും. അപ്പോൾ അവരെ പിന്തുടർന്ന് എന്നിലേക്ക് മടങ്ങുന്നവർ ദുഃഖിക്കാനോ ഭയപ്പെടാനോ സംഗതിയാകുന്നതല്ല." (2: 38, 7: 20–24, 20: 116–123)

ഈ വാഗ്ദാനത്തിന്റെ പൂർത്തീകരണമായി, മനുഷ്യർ വഴിതെറ്റുമ്പോഴൊക്കെ ദൈവം പ്രവാചകന്മാരെ നിയോഗിച്ച് അവരെ വീണ്ടെടുത്തുകൊണ്ടിരുന്നു. "എല്ലാ ജനത്തിലേക്കും നാം ദൂതന്മാരെ നിയോഗിച്ചിരുന്നു, അല്ലാഹുവിന് അടിമപ്പെടുവിൻ എന്ന സന്ദേശവുമായി"(ഖു. 16: 36). വിവിധ കാലങ്ങളിൽ വിവിധ ദേശങ്ങളിൽ ആഗതരായ എല്ലാ പ്രവാചകവര്യന്മാരും പ്രബോധനം ചെയ്ത സന്ദേശത്തിന്റെയും അതിലധിഷ്ഠിതമായ ജീവിത ചര്യയുടെയും യഥാർഥ പേര് 'ഇസ്‌ലാം' എന്നായിരുന്നു. പ്രവാചകന്മാർ കെട്ടിപ്പടുത്ത സമൂഹങ്ങൾ അവരുടെ അധ്യാപനങ്ങളിൽനിന്നു വ്യതിചലിച്ചപ്പോഴാണ് അവർ പ്രബോധനം ചെയ്ത ഇസ്‌ലാംമതം ആത്മീയാചാര്യന്മാരുടെയും പ്രത്യേക സമുദായങ്ങളുടെയും ദേശങ്ങളുടെയും പേരുകളിൽ അറിയപ്പെട്ടു തുടങ്ങിയത്.

ഇസ്‌ലാം മതത്തിന് ആ പേർ നല്കിയത് ഏതെങ്കിലും പ്രവാചകനോ ജനസമൂഹമോ അല്ല; ആ മതത്തിന്റെ അവതാരകനായ അല്ലാഹു തന്നെയാണ്. ഖുർആൻ പറയുന്നു: “അവൻ (അല്ലാഹു) മുമ്പേ നിങ്ങളെ മുസ്‌ലിംകൾ എന്നു നാമകരണം ചെയ്തിട്ടുണ്ടായിരുന്നു. ഈ ഖുർആനിലും അതുതന്നെയാണ് നിങ്ങളുടെ പേർ.”(22:78)

ഖുർആന്റെ വീക്ഷണത്തിൽ ഇസ്‌ലാം മാത്രമാണ് അല്ലാഹുവിങ്കൽ സ്വീകാര്യമായ ഏക ദീൻ- ജീവിതവ്യവസ്ഥ. “നിശ്ച യം, അല്ലാഹുവിങ്കൽ സ്വീകാര്യമായ ദീൻ ഇസ്‌ലാം ആകുന്നു”(ഖു. 3:19). ഈ ഇസ്‌ലാം മതത്തെത്തന്നെയാണ് അല്ലാഹു എക്കാലത്തും മനുഷ്യർക്കായി നിർദേശിച്ചിരുന്നത്. “ആദിയിൽ എല്ലാ മനുഷ്യരും ഒരേ മതസമുദായമായിരുന്നു. പിന്നീടാണ വർ ഭിന്നിച്ചത്. അപ്പോൾ അല്ലാഹു സന്മാർഗത്തെക്കുറിച്ചു സുവിശേഷവും ദുർമാർഗത്തെക്കുറിച്ചു താക്കീതും നല്കുന്ന പ്രവാ ചകന്മാരെ നിയോഗിച്ചു. സത്യത്തെയും സന്മാർഗത്തെയും സംബന്ധിച്ച് അവർക്കിടയിൽ ഉടലെടുത്തിരുന്ന ഭിന്നിപ്പുകളിൽ തീർപ്പു കല്പിക്കുന്നതിനുവേണ്ടി അവരോടൊപ്പം സത്യവേദവും അവതരിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ സത്യജ്ഞാനം ലഭിച്ച വർ തന്നെയായിരുന്നു ഭിന്നിച്ചത്. വ്യക്തമായ സന്മാർഗദർശനങ്ങൾ ലഭിച്ചിട്ടും അവർ വിവിധ മാർഗസ്ഥരായി പിരിഞ്ഞത് അവർക്കിടയിൽ പകയും പോരും മൂത്തതുകൊണ്ടു മാത്രമായിരുന്നു. അനന്തരം പ്രവാചകന്മാരിൽ വിശ്വസിച്ചവരെ അല്ലാഹു അവന്റെ ഹിതാനുസാരം, അവർ അകന്നുപോയ സത്യസരണിയിലേക്കുതന്നെ നയിച്ചു. അല്ലാഹു അവനിച്ഛിക്കുന്നവരെ നേരായ പാതയിലേക്കു നയിക്കുന്നു.”(ഖു. 2: 213).

ഇങ്ങനെ കാലാകാലങ്ങളിൽ നിയുക്തരായിക്കൊണ്ടിരുന്ന പ്രവാചകന്മാരുടെ അവസാനത്തെ കണ്ണിയാകുന്നു ക്രി. ആറാം നൂറ്റാണ്ടിൽ അ*റേബ്യയിൽ ആഗതനായ മുഹമ്മദ്നബി. അദ്ദേഹം ലോകർക്കാകമാനമുള്ള സത്യസാക്ഷിയായിട്ടാണ് നിയുക്ത നായത്. “മുഹമ്മദ്നബീ, മുഴുവൻ മനുഷ്യരാശിക്കുമുള്ള സുവിശേഷകനും മുന്നറിയിപ്പുകാരനുമായിട്ടുതന്നെയാകുന്നു നാം നിന്നെ നിയോഗിച്ചിട്ടുള്ളത്” (ഖു. 34: 28). “ലോകർക്കാകമാനം അനുഗ്രഹമായിട്ടു മാത്രമാകുന്നു നാം നിന്നെ അയച്ചിട്ടുള്ളത്” (ഖു. 21: 107). നാഗരിക ലോകം പരസ്പരം ബന്ധപ്പെ◌ടാൻ തുടങ്ങിയ കാലമായിരുന്നു മുഹമ്മദ്നബിയുടേത്. പ്രവാചകസ ന്ദേശം ലോകമെങ്ങും എത്തിച്ചേരാനുള്ള സാഹചര്യമൊരുങ്ങിക്കഴിഞ്ഞതിനാൽ പല ഭാഷക്കാർക്കും ദേശക്കാർക്കും പല പ്രവാചകന്മാരെ നിയോഗിക്കേണ്ടതുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ സന്ദേശങ്ങളും അദ്ദേഹത്തിലൂടെ അവതീർണമായ വേദ വും, കൈകടത്തലുകൾക്കും ഭേദഗതികൾക്കും അതീതമായി എക്കാലത്തും അവയുടെ തനിമയിൽ സംരക്ഷിക്കപ്പെടാനുള്ള സംവിധാനവും സൃഷ്ടിക്കപ്പെട്ടിരുന്നു. കഴിഞ്ഞ ഒന്നര സഹസ്രാബ്ദമായി മുഹമ്മദ് നബിയിലൂടെ അവതീർണമായ വിശുദ്ധ ഖുർആൻ വള്ളിപുള്ളി വ്യത്യാസമില്ലാതെ നിലനില്ക്കുന്നു. പ്രവാചകന്റെ ജീവിതകാലത്തുതന്നെ അത് കൃത്യമായി രേഖപ്പെ ടുത്തിവച്ചിരുന്നു. പ്രവാചകനിൽനിന്ന് നേരിട്ടു കേട്ട് എഴുതിയെടുത്ത ശിഷ്യന്മാർ തന്നെയാണ് അത് ഗ്രന്ഥരൂപത്തിൽ ക്രോഡീ കരിച്ച് ലോകമെങ്ങും പ്രചരിപ്പിച്ചത്. തന്മൂലം മുഹമ്മദ്നബിയിലൂടെ പഠിപ്പിക്കപ്പെട്ട ഇസ്‌ലാമിന്റെ അവസാന പതിപ്പ്, അടി സ്ഥാന തത്ത്വങ്ങളിലോ പ്രമാണങ്ങളിലോ നിയമസംഹിതയിലോ യാതൊരു വ്യത്യാസവുമില്ലാതെ ഇന്നും അതിന്റെ സാക്ഷാൽ രൂപത്തിൽ നിലനില്ക്കുന്നു. ലോകത്ത് മറ്റൊരു മതത്തിനും ഇല്ലാത്ത സവിശേഷതയാണിത്.